അച്ചടി വകുപ്പ് ഡയറക്ടറുടെ കാര്യാലയം
ഗവൺമെന്റ് സെൻട്രൽ പ്രസ്സ്
തിരുവനന്തപുരം -695 001
ഫോൺ { ഓഫീസ് : 0471-2331458
ഫാക്സ് : 0471-2336042
ഇ-മെയിൽ : directorofprinting@gmail.com
dir.printing@kerala.gov.in

ഭരണഭാഷ-മാതൃഭാഷ

നമ്പർ. 22810/2021/ഇ 1/ഡിപി

തീയതി. 11.03.2022

## പരിപത്രം

വിഷയം:- അച്ചടി വകുപ്പ് - ജീവനക്കാര്യം - 2022-23 വർഷത്തെ പൊതുസ്ഥലംമാറ്റ അപേക്ഷ ക്ഷണിക്കുന്നതുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന:-
1. 25/02/2017 ലെ ജി.ഒ (പി) നം. 3/2017/ഉ.ഭ.പ.വ നമ്പർ സർക്കാർ ഉത്തരവ്.
2. ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (എ.ആർ 14) വകുപ്പിന്റെ 21/10/2021 ലെ സ.ഉ (സാധാ) നം. 155/2021/ഉ.ഭ.പ.വ നമ്പർ ഉത്തരവ്.
3. ഈ കാര്യാലയത്തിലെ 08/02/2022 ലെ 22810/21/ഇ 1/ഡിപി നമ്പർ ഉത്തരവ്.

അച്ചടി വകുപ്പിലെ മിനിസ്റ്റീരിയൽ/സാങ്കേതിക വിഭാഗം ജീവനക്കാരിൽ നിന്ന് (ഗസറ്റഡ് ഓഫീസർ, ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ ഒഴികെ) 2022-2023 വർഷത്തെ പൊതുസ്ഥലം മാറ്റത്തിന് അപേക്ഷ ക്ഷണിക്കുന്നു. ഓൺലൈൻ മുഖേനയാണ് അപേക്ഷ സമർപ്പിക്കേണ്ടത്. അപേക്ഷകൾ സ്പാർക്കിന്റെ വെബ്സൈറ്റിൽ ലഭ്യമാണ്.

ഓൺലൈനായി സമർപ്പിക്കുന്ന അപേക്ഷകൾ സ്റ്റേറ്റ് ലെവൽ ഓഫീസർ, നോഡൽ ഓഫീസർ തലത്തിലും പരിശോധന നടത്തിയശേഷം ഓൺലൈൻ സ്ഥലംമാറ്റത്തിനായി പരിഗണിക്കുന്നതാണ്. അച്ചടി വകുപ്പിലെ പൊതുസ്ഥലംമാറ്റത്തിന്റെ സ്റ്റേറ്റ് ലെവൽ ഓഫീസറായി ഗവൺമെന്റ് പ്രസ്സുകളുടെ സൂപ്രണ്ട് ശ്രീ. എ. സലീമിനെയും, നോഡൽ ഓഫീസറായി സിനിയർ സൂപ്രണ്ട് ശ്രീമതി ആർ.എസ്. ഷാജിദയെയും സൂചന (3) പ്രകാരം ചുമതലപ്പെടുത്തിയിട്ടുണ്ട്.

അപേക്ഷ സമർപ്പിച്ച് കഴിഞ്ഞാൽ സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിക്കുന്നതുവരെയുള്ള നടപടിക്രമങ്ങളും ഓൺലൈൻ മുഖേന നടക്കുന്നതാണ്. അപേക്ഷകന് ഒരു അപേക്ഷ മാത്രമേ രജിസ്റ്റർ ചെയ്യാൻ അനുവാദമുള്ളൂ. ഒരു പ്രാവശ്യം അപേക്ഷ സമർപ്പിക്കാവുന്നതും ആദ്യത്തെ അപേക്ഷ റദ്ദ് ചെയ്യുന്നതിലേയ്ക്കായി ആ അപേക്ഷയുടെ ആപ്ലിക്കേഷൻ ഐ.ഡി ചൂണ്ടിക്കാട്ടി നോഡൽ ഓഫീസർ മുഖേന സ്റ്റേറ്റ് ലെവൽ ഓഫീസർക്ക് അപേക്ഷ നൽകേണ്ടതും complaint link ൽ ശുപാർശ സഹിതം

നോഡൽ ഓഫീസറുടെ പരിശോധനയ്ക്ക് ശേഷം അപേക്ഷ വെബ്സൈറ്റിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. പ്രൊവിഷണൽ സീനിയോറിറ്റി ലിസ്റ്റ് പ്രോസസ്സ് ചെയ്യാൻ ആരംഭിച്ചുകഴിഞ്ഞും, ഓൺലൈനായി രജിസ്റ്റർ ചെയ്ത അപേക്ഷ റദ്ദ് ചെയ്തു കഴിഞ്ഞും, അപേക്ഷകൾ സ്വീകരിക്കുന്നതല്ല. അപേക്ഷകർക്ക് ഓൺലൈൻ മുഖേന അപേക്ഷകൾ സമർപ്പിക്കുന്നതിനും, റദ്ദ് ചെയ്യുന്നതിനും ഇന്റർനെറ്റ് സൗകര്യമുള്ള ഏത് കമ്പ്യൂട്ടറും ഉപയോഗിക്കാവുന്നതാണ്. അപേക്ഷയുടെ ആദ്യ ഭാഗത്ത് അപേക്ഷകന്റെ/അപേക്ഷകയുടെ വ്യക്തിഗത വിവരങ്ങളാണ് രജിസ്റ്റർ ചെയ്യേണ്ടത്. വ്യക്തിഗത password (അപേക്ഷകന് ഇഷ്ടമുള്ളത് നൽകാം) രഹസ്യസ്വഭാവമുള്ളതായിരിക്കണം. ഈ password ഉപയോഗിച്ചാണ് പിന്നീട് അപേക്ഷയുടെ വിശദാംശങ്ങൾ പരിശോധിക്കേണ്ടത്. അപേക്ഷ പൂരിപ്പിച്ച സമയത്ത് ലഭിച്ച Application ID യും അപേക്ഷകർ നൽകിയ password വും ഭദ്രമായി സൂക്ഷിച്ചുവെയ്ക്കേണ്ടതാണ്. വീണ്ടും പ്രിന്റൗട്ട് എടുക്കുന്നതിനും തുടർന്ന് വരുന്ന സ്ഥലംമാറ്റത്തിന്റെ വിവരങ്ങൾ അറിയുന്നതിനും Application ID യും password വും അത്യന്താപേക്ഷിതമാണ്. 15/03/2022 മുതൽ 31/03/2022 വൈകുന്നേരം 5 മണി വരെ അപേക്ഷ രജിസ്റ്റർ ചെയ്യാവുന്നതാണ്. രജിസ്റ്റർ ചെയ്ത അപേക്ഷ നോഡൽ ഓഫീസർ വെരിഫൈ ചെയ്തു എന്ന് അപേക്ഷകനും ഉറപ്പു വരുത്തേണ്ടതാണ്. ഇത് സംബന്ധിച്ചുള്ള പരാതികൾ പിന്നീട് പരിഗണിക്കാൻ നിർവ്വാഹമില്ലായെന്ന് അറിയിക്കുന്നു.

ഓൺലൈനിലൂടെ അല്ലാതെയുള്ള അപേക്ഷ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല. സൂചന (1) ലെ വ്യവസ്ഥകൾ പ്രകാരം മൂന്ന് വർഷത്തെ സേവനം പൂർത്തിയായവർക്ക് മാത്രമേ പൊതുസ്ഥലംമാറ്റത്തിന് അപേക്ഷിക്കുവാൻ അർഹതയുള്ളൂ. 28/02/2022 അടിസ്ഥാനമാക്കിയാണ് മൂന്ന് വർഷ സർവ്വീസ് ദൈർഘ്യം കണക്കാക്കുന്നത്.

പെൻഷന് രണ്ട് വർഷം മാത്രം സർവ്വീസ് ബാക്കിയുള്ളവർക്ക് സ്വന്തം താല്പര്യപ്രകാരം സ്ഥലംമാറ്റം മുൻഗണനാ ക്രമത്തിൽ നൽകുന്നതാണ്.

സഹതാപാർഹ സ്ഥലംമാറ്റത്തിനായി ഓൺലൈനിൽ അപേക്ഷിക്കേണ്ടതില്ല. സ്ഥലം മാറ്റത്തിന് പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങളെ പ്രതിപാദിച്ച് സർക്കാർ സൂചനകൾ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മുൻഗണനാ പ്രകാരമുള്ള സ്ഥലംമാറ്റം അതാത് കാറ്റഗറികളിലെ സ്ഥലംമാറ്റത്തിന്റെ 20 % ൽ അധികരിയ്ക്കാൻ പാടില്ല. അത്തരം വിഭാഗങ്ങളിൽ ഉൾപ്പെടുന്ന വളരെ കൂടുതൽ അപേക്ഷകർ ഒരേ സ്ഥലത്തേയ്ക്ക് സ്ഥലംമാറ്റം ആവശ്യപ്പെടുന്ന സന്ദർഭങ്ങളിൽ ക്രമപ്രകാരം അപേക്ഷകൾ പരിഗണിക്കുന്നതാണ്. ഓരോ തസ്തികയിലും ഏത് വിഭാഗത്തിൽപ്പെട്ടവരെയാണ്

മുൻലിസ്റ്റുകളിൽ അവസാനമായി പരിഗണിച്ചത്, ആയതിന് തുടർച്ചയായിട്ടായിരിക്കും ഈ വർഷം സ്ഥലംമാറ്റത്തിന് പരിഗണിക്കുന്നത്. കൂടാതെ പ്രയോറിട്ടിയിൽ റൊട്ടേഷൻ വ്യവസ്ഥ കൃത്യമായി പാലിക്കേണ്ടതുമാണ്.

പൊതു സ്ഥലംമാറ്റം 25/02/2017 ലെ ജി.ഒ (പി) നം. 3/2017/ഉ.ഭ.പ.വ നമ്പർ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പാലിച്ചായിരിക്കും.

അപേക്ഷയുടെ സൂക്ഷ്മപരിശോധന നടത്തുന്നതുവരെയുള്ള നടപടിക്രമങ്ങളും, സമയക്രമവും നിശ്ചയിച്ച് ചുവടെ ചേർക്കുന്നു.

1. അപേക്ഷ സമർപ്പിക്കുന്നതിനുള്ള സമയപരിധി 15/03/2022 മുതൽ 31/03/2022 വരെ
2. രേഖാമൂലം ആവശ്യപ്പെട്ടുള്ള തിരുത്തലുകൾ അനുവദിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള സമയപരിധി 01/04/2022 മുതൽ 05/04/2022 വരെ

അച്ചടി വകുപ്പ് ഡയറക്ടർ

എല്ലാ ശാഖാ കാര്യാലയ മേധാവികൾക്കും

പകർപ്പ് :- അച്ചടി വകുപ്പ് ഡയറക്ടറുടെ സി.എ/ഗവൺമെന്റ് പ്രസ്സുകളുടെ സൂപ്രണ്ടിന്റെ സി.എ/ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ/സീനിയർ സൂപ്രണ്ട്/നോട്ടീസ് ബോർഡ്/ ഫയൽ/കരുതൽ ഫയൽ.

എസ്.കെ.

ഭരണഭാഷ-മാതൃഭാഷ

## അച്ചടി വകുപ്പ് ഡയറക്ടറുടെ നടപടിക്രമം
## (ഹാജർ. ഷിബു എ.റ്റി.)

തിരുവനന്തപുരം

നമ്പർ. 22810/2021/ഇ 1/ഡിപി തീയതി. 08.02.2022

വിഷയം:- അച്ചടി വകുപ്പ് - പൊതുസ്ഥലംമാറ്റം ഓൺലൈൻ മുഖേന സജ്ജമാക്കുന്നത് - സ്റ്റേറ്റ് ലെവൽ ഓഫീസറെയും, നോഡൽ ഓഫീസറെയും നിയമിച്ച് ഉത്തരവായത് പരിഷ്കരിച്ച് - ഉത്തരവാകുന്നു.

പരാമർശം:-
1. സർക്കാരിന്റെ 25.02.2017-ലെ സ.ഉ.(പി) 3/2017/ഉ.ഭ.പ.വ.നമ്പർ ഉത്തരവ്.
2. സർക്കാരിന്റെ 21.10.2021-ലെ സ.ഉ.(സാധാ) 155/2021/ഉ.ഭ.പ.വ.നമ്പർ ഉത്തരവ്.
3. അച്ചടി വകുപ്പ് ഡയറക്ടറുടെ 03.02.2021-ലെ ഇതേ നമ്പർ ഉത്തരവ്.

## ഉത്തരവ്

സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റത്തിനും നിയമനത്തിനുമായുള്ള മാർഗ്ഗനിർദ്ദേശങ്ങളും പരാമർശം (2) ലെ ഉത്തരവ് അനുസരിച്ച് ഓൺലൈൻ സമ്പ്രദായത്തിലൂടെ നടപ്പാക്കണമെന്ന് എല്ലാ വകുപ്പുകൾക്കും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ അച്ചടി വകുപ്പിൽ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റവും നിയമനവും ഓൺലൈൻ മുഖേന സജ്ജമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് സ്റ്റേറ്റ് ലെവൽ ആഫീസറായി തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിലെ സീനിയർ സൂപ്രണ്ട് ശ്രീമതി. ആർ.എസ്. ഷാജിദയെയും നോഡൽ ഓഫീസറായി തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിലെ സീനിയർ ക്ലാർക്ക് ശ്രീ. ബിനു ബി. രാജിനെയും പരാമർശം (3) പ്രകാരം നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

പൊതുസ്ഥലംമാറ്റം ഓൺലൈനായി സജ്ജമാക്കുന്നതിനായി വകുപ്പ് മേധാവിയെയാണ് സ്റ്റേറ്റ് ലെവൽ ഓഫീസറായി നിയമിക്കേണ്ടതെന്ന് SPARK ൽ നിന്ന് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം (3) പ്രകാരമുള്ള ഉത്തരവ് റദ്ദ് ചെയ്തുകൊണ്ട് ചുവടെ പറയും പ്രകാരം ഉത്തരവ് പരിഷ്കരിക്കുന്നു.

അച്ചടി വകുപ്പിൽ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റവും നിയമനവും ഓൺലൈൻ മുഖേന സജ്ജമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് സ്റ്റേറ്റ് ലെവൽ ആഫീസറായി ഗവ. പ്രസ്സുകളുടെ സൂപ്രണ്ട് ശ്രീ. എ. സലിമിനെയും, തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിലെ സീനിയർ സൂപ്രണ്ട് ശ്രീമതി ആർ.എസ്. ഷാജിദയെ നോഡൽ ഓഫീസറായും നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതുസ്ഥലമാറ്റം ഓൺലൈനായി സജ്ജമാക്കുന്നതുമായി ബന്ധപ്പെട്ട് SPARK ൽ വരുത്തേണ്ട മാറ്റങ്ങൾ ഏകോപിപ്പിക്കുന്നതിനും സജ്ജമാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനായി തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിലെ സീനിയർ ക്ലാർക്ക് ശ്രീ. ബിനു ബി. രാജിനെയും നിയമിച്ച് ഉത്തരവാകുന്നു.

ഒപ്പ്/-,
അച്ചടി വകുപ്പ് ഡയറക്ടർ

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക്

പകർപ്പ്:- അച്ചടി വകുപ്പ് ഡയറക്ടറുടെ സി.എ./ ഗവ.പ്രസ്സുകളുടെ സൂപ്രണ്ടിന്റെ സിഎ.
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ./സീനിയർ സൂപ്രണ്ട്./ജൂനിയർ സൂപ്രണ്ട്.ഇ I./
ഫയൽ./കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം,

സീനിയർ സൂപ്രണ്ട്

വി.എസ്.